# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ഗവ. എൽ.പി.എസ്
## അമ്പാട്ടുഭാഗം

Scanned with CamScanner

ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം

## സമഗ്രഗുണമേന്മാപദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025**

**ക്ലാസ് ഒന്ന്**

സ്കൂൾ: ..ഗവ. എൽ. പി. എസ്. അമ്പലാട്ടുഭാഗം
..................................................................
.............മല്ലപ്പള്ളി.............................ഉപജില്ല

ക്ലാസ് അധ്യാപിക: ...രഞ്ജുമോൾ.....P.R..........
ഫോൺനമ്പർ: ..................................................



Scanned with CamScanner

**വാർഷിക ലക്ഷ്യങ്ങൾ ( മലയാളം)**

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക

ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക

2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക

4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക

6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക

7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക

8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

**ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ**

1. പൂർണപങ്കാളിത്തമുള്ള ക്ലാസ് പി ടി എ ഉറപ്പാക്കുക
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക
4. വായിച്ചുകേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന ( വീട്ടിലും ക്ലാസിലും)
6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക
7. ഓരോ കുട്ടിയെയും പ്രധാനപഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക
8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ ക്യു ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക
9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക
10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

**ജൂൺ മാസ പ്രവർത്തനങ്ങൾ**

1. പൂർണ്ണപങ്കാളിത്ത ക്ലാസ് പി ടി എ
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കം ( സന്നദ്ധതാ പ്രവർത്തനങ്ങൾ)
4. വായനക്കാർഡുകൾ
5. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ
6. സംയുക്ത വിലയിരുത്തൽ

ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങളും ഉപപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർന്ന് നൽകുന്നു.



Scanned with CamScanner

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
* തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
* പ്രവർത്തന ലക്ഷ്യങ്ങൾ
* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* പദയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

Scanned with CamScanner

* അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
* വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
* എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

Scanned with CamScanner

Scanned with CamScanner

* ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* വായനോത്സവം തുടങ്ങുന്നു
* രചനോത്സവം തുടങ്ങുന്നു
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
* താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
* ചിത്ര വായന നടത്തുന്നു.
* ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
* രചന ശേഷി പരിപോഷിപ്പിക്കൽ.
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

Scanned with CamScanner

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
* തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കണ്ടെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
* കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെടുത്ത പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

Scanned with CamScanner

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
* രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
* രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
* സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

* ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

Scanned with CamScanner

* സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

* ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
* വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
* സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

Scanned with CamScanner

# English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

* Respond to simple instructions in the classroom.
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and sings them with Rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures.

June

* Introduce symbol words.
* Provides picture cards.

July

* Identify familiar words.
* Say familiar words.
* Read familiar words.
* Write familiar words.

August

* Enjoy songs and sings them with Rhythm and action.
* Describes orally about pictures and objects using adjectives.

September

* Read and write simple words and Simple sentences
* Provides picture cards and reading cards.

October

* Introduce symbol picture descriptions.
* Make word chain, sentence chain.
* Make riddles.
* Describing words, rhyming words.
* Text book activities.

November

* Prepare reading cards.
* Provide more opportunities to read, right and speak English.
* Writes five English words daily.

December

* Read and understand simple instructions in the classroom.
* Encourage digital reading.

Scanned with CamScanner

January.

* Enjoy songs and sings them with Rhythm and action.
* Make picture albums.
* Collect pictures of animals and its young ones.

February

* provide the opportunity to express myself in the classroom.
* English assembly once in a week.

March

* Speaks English fluently.
* Read and write simple sentences
* Picture reading and picture description.

Scanned with CamScanner

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഈ പ്ലാൻ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കും എന്ന് പ്രതീക്ഷിക്കുന്നു.

Scanned with CamScanner

# പ്രവർത്തനലക്ഷ്യങ്ങൾ

(a) ഒന്നാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭങ്ങൾക്കനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പകർത്തിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

(b) ഒന്നാം ക്ലാസിലെ എല്ലാ കുട്ടിയുടേയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

(c) ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തി-ലുള്ള വ്യവഹാരരൂപങ്ങൾ കഴിവുള്ളവരാക്കുക. തയ്യാറാക്കാൻ

(d) വർഷാവസാനം സ്വതന്ത്രവായനയിൽ ഏർപ്പെടുകയും ലേഖനത്തിൽ വ്യക്തിഗതമായ രചനകളിൽ ചെയ്യുന്നു. ഏർപ്പെടുകയും

Scanned with CamScanner

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

ജൂൺ

- ചിത്രകാർഡുകൾ നൽകുന്നു
- വായനാ സാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുതകുന്ന തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

- പാഠവുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു

ആഗസ്റ്റ്

a) ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
b) രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
c) ചിത്രവിവരണം
d) വീട്ടു ലൈബ്രറി ഒരുക്കൽ

സെപ്തംബർ

1) വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
2) വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
3) വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ

## ഒക്ടോബർ

(a) കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ തുടങ്ങിയവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

(b) വിവിധ തരത്തിലുള്ള പരിച്ച് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ആന
ഉദാ: വലിയ ആന
കറുത്ത വലിയ ആന

## നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

Scanned with CamScanner

## ഡിസംബർ

1) ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിച്ചേരു-ന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

2) ശേഖരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകളിൽ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

a) വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ

b) ലഘുവിവരങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

1) എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ള ഉറപ്പു വരുത്തൽ

## മാർച്ച്

a) വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

b) ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ

c) ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

Scanned with CamScanner

# ENGLISH

Aim : To speak, Read and write English without any mistake

Time - June, July, August

June

Pretest

To develop listening skills and reading skill first

Listening skills

Games, Action song, Hello English activities

Conversations, Skit stories use ICT

Speaking skill

Description, growing sentences, picture drawing reading, picture description, self introduction.

Assembly activites, speech, book review, quiz riddle, self introduction, school radio etc

July and August

Reading skills

News paper reading, library books, reading book review, reading braking news, find words, collect and read tense, rhyming words decribing words etc, text book activities.

Scanned with CamScanner

ജൂൺ.

സംഖ്യാ പാറ്റേണുകളിലൂടെ സംഖ്യാ ബോധം
ഉറപ്പാക്കൽ

ജൂലൈ

1. ഗണിതകിറ്റ് സംഖ്യാ കാർഡുകളിലൂടെ ഉറപ്പാക്കൽ
2. പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

ആഗസ്റ്റ്

1. വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
2. 99 നോട് 1 കൂട്ടിയാൽ 100.
   10 പത്തുകൾ ചേർന്നാൽ 100
3. 100 ഒന്നുകൾ ചേർന്നാൽ 100

സെപ്റ്റംബർ

1. വിലവിവര പട്ടിക തയ്യാറാക്കൽ
2. ക്ലാസ്സിലൊരു കട, സ്കൂളിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ

ഒക്ടോബർ

സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക
പ്രശ്നങ്ങൾ പരിഹരിക്കൽ
• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

നവംബർ

സ്ഥാനവില തിരിച്ചറിയൽ

Scanned with CamScanner

ഡിസംബർ

1) സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി
സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ

2) രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

1) വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ

2) സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

ഫെബ്രുവരി

1) ഗണിതം ആസ്വാദ്യകരമാക്കൽ
2) ഉല്ലാസ ഗണിതം ഉപയോഗിച്ച്, കളികൾ

മാർച്ച്

- കലണ്ടർ പതിപ്പ്
- കലണ്ടർ നിർമ്മാണം
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

Scanned with CamScanner

[illegible]

Scanned with CamScanner

ലക്ഷ്യം:

നാടൻപാട്ട് ചൊല്ലിയും സ്വയം താളം പിടിച്ചും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

വായ്ത്താരികൾ നിർമ്മിക്കുക.

പഴഞ്ചൊല്ലുകളും നാട്ടുമൊഴികളും പരിചയപ്പെടുക.

ഭാഷാപ്രയോഗത്തിൽ ഉചിതമായി പ്രയോഗിക്കുക.

സാഹിത്യ രചനകൾ വായിച്ചുകേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിക്കുക.

| Sl.no: | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **വായ്ത്താരിഗാനം:**<br>• വ്യത്യസ്ത ഈണത്തിലൂടെ വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു, ആവർത്തിക്കുന്നു.<br>**വായ്ത്താരിമേളം:**<br>• വായ്ത്താരികൾ വ്യത്യസ്ത ഈണത്തിൽ പാടാൻ അവസരം.<br>• ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.<br>• പാഠഭാഗം പരിചയപ്പെടുത്തൽ- | ജൂൺ. |

Scanned with CamScanner

| Sl.no. | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 2. | **ചിത്രങ്ങൾ പെട്ടി**<br>· ചിത്രങ്ങളുടെ ശേഖരണം<br>· ചിത്രങ്ങളുൾക്കൊള്ളിച്ച് അടങ്ങിയ ആശയാവിഷ്കാരം.<br>ഒരുദിനം ഒരു ചിത്രങ്ങൾ.<br>· കുട്ടികൾക്ക് ഒരു ദിനം ഒരു ചിത്രങ്ങൾ നൽകി ചിത്രങ്ങളിലെ ആശയങ്ങൾ എഴുതിക്കുന്നു.<br>· ചിത്രങ്ങൾ പെട്ടി എന്ന പതിപ്പ് നിർമ്മാണം. | രണ്ട് ആഴ്ച. |
| 3. | **റീഡേഴ്സ് തിയേറ്റർ.**<br>· കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു.<br>· വായന അവസരം<br>· കഥാപാത്ര വിശകലനം.<br>· നടന്മാർ ആരൊക്കെന്ന് കണ്ടെത്തൽ<br>· സ്ക്രിപ്റ്റ് രചന.<br>· സ്ക്രിപ്റ്റ് വായന<br>· അവതരണം | ഒരാഴ്ച. |

Scanned with CamScanner

| Sl. No. | പ്രവർത്തനം | കാലയളവ്. |
|---|---|---|
| 4. | **കടങ്കഥ:**<br>• കടങ്കഥ എന്താണെന്ന് പരിശോധന.<br>• വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം.<br>• കടങ്കഥ നിർമ്മാണം<br>• കടങ്കഥ പതിപ്പ് നിർമ്മാണം<br>• കലാരൂപങ്ങൾ വേഷവിധാനം ചിത്ര-ശേഖരണം ആൽബം തയ്യാറാക്കൽ | ജൂലൈ - ആഗസ്റ്റ്' |
| 5. | **കലോത്സവം.**<br>• നാടകങ്ങൾ ശേഖരണം<br>• നാടകങ്ങൾ അവതരണം<br>• കഥാപാത്ര ചിത്രീകരണം<br>• കാരോ കഥകളും അവതരണത്തിന് ശേഷം ഉൾക്കൊള്ളിച്ചു. | ആഗസ്റ്റ്' |
| 1. | **കുട്ടിക്കോട് കഥപറയൽ.**<br>സാമൂഹികാവബോധം പകരൽ.<br>മൂന്നാം ക്ലാസിൽ കുട്ടി നേരിടുന്ന ബുദ്ധി ശേഷികളെക്കുറിച്ച് രക്ഷിതാക്കൾക്ക് ബോധ-വൽക്കരണം. | ജൂൺ |
| 2. | രക്ഷിതാക്കളുടെ സഹായത്തോടെ അക്ഷര-കാർഡ് നിർമ്മാണം | ജൂലൈ. |
| 3. | രക്ഷിതാക്കൾ കുട്ടികൾക്ക് പിന്നിലുള്ളവർക്ക് വേണ്ടി അക്ഷരച്ചിത്ര നിർമ്മാണ ശില്പശാല.<br>അക്ഷരകാർഡ് നൽകി വായന | ആഗസ്റ്റ്. |

Scanned with CamScanner

# ഗണിതം

ജൂൺ - ജൂലൈ

യൂണിറ്റ് -1 രൂപങ്ങൾ വരയ്ക്കാം

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയുന്നതിന്

[illegible].

ചതുരം, ത്രികോണം, വൃത്തം ചിത്രങ്ങൾ (ചാർട്ട് A4 പേപ്പറിൽ

[illegible]

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച്

ചിത്രങ്ങൾ രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

## ജൂലൈ - ആഗസ്റ്റ്

ഓരോ കുട്ടിക്കും കാണാക്കുറിപ്പ്, ഗണിത കിറ്റ്.

1 മുതൽ 100 വരെ എഴുതിയ ടോക്കൺ

കുട്ടി നോട്ടുകൾക്ക് ഓരോ നോട്ടുകൾക്ക് 10 എണ്ണം വീതം.

കമ്പ് കെട്ടുകൾ

സംഖ്യാ സ്ട്രിപ്പുകൾ.

അബാക്കസ് നിർമ്മാണം

## ആഗസ്റ്റ് - സെപ്തംബർ.

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

Scanned with CamScanner

ഒക്ടോബർ

സ്റ്റേജിൽ നിർമാണം
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം.

നവംബർ - ഡിസംബർ.

പുതുവത്സര കാർഡ് നിർമാണം.

Scanned with CamScanner

# English

**Learning Objective 1: Listen to the instructions and engage in activities.**

| Sl. No. | Activities. | Duration. |
|---|---|---|
| 1. | . Give more chance to hearing instructions based on the day to day life and classroom.<br>. Show the pictures of action verbs<br>. Performing action by hearing instruction and commands | June - December |
| | **Learning objective : 02. Describe the picture:** | |
| 1. | The teacher shows a picture.<br>. Discussion<br>. The children talk about the picture<br>. Slow learners . gives opportunity to express their ideas in malayalam | June - August. |
| | **Conversation:**<br>. Reading the conversation is acting with a friends.<br>. Adds more exchange to the conversation. | July. |

Scanned with CamScanner

| | |
|---|---|
| Rhyming words<br>Plays the audio of song.<br>Let the learner sing after the audio<br>Identifies rhyming words. | August |
| Add more lines:<br>Plays the audio of song.<br>- let the learner sing after the audio<br>- add lines to the person. | August. |
| Riddles:<br>- Gives children the opportunity to hear and answer simple riddles.<br>- make simple riddles. | August |

Scanned with CamScanner

# പരിസരപഠനം

ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരി-ച്ച് സാമ്യങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരം തിരിക്കലും ലോകത്തിലെ വൈവിധ്യം ആസ്വദിക്കലും ചെയ്യുക.

| Sl. NO. | പ്രവർത്തനം | കാലയളവ് |
|---|---|---|
| | **ഞാനും എന്റെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കലും പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കലും. ഇലകൾ, കുറ്റിച്ചെടികൾ, വൻമരങ്ങൾ, സസ്യങ്ങളുടെ വളർച്ച രീതി മനസ്സിലാക്കൽ. | ജൂൺ. |
| | **പൂന്തോട്ടം ഒരുക്കാം.**<br>· ജൈവ വൈവിധ്യ ഉദ്യാനം സ്ഥാപിക്കൽ<br>· സ്കൂൾ പൂന്തോട്ട നിർമാണം.<br>· വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | ജൂൺ. |
| | **പ്രകൃതി നടത്തം**<br>· ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീ-ക്ഷിക്കാം.<br>· വിവിധ ആവാസ വ്യവസ്ഥകൾ കണ്ടെത്തിയൽ<br>· ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>· നമ്മുടെ ചുറ്റുപാടുമുള്ള മലിനീകരണ/പ്രശ്-നം അനുഭവിച്ചറിയാം. സ്വയം തിരുത്താം.<br>· പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാം. | ജൂലൈ. |

Scanned with CamScanner

| | |
|---|---|
| **ജൈവവൈവിധ്യ നിരീക്ഷണം.** | |
| • പ്രകൃതി സംരക്ഷണം ജൈവവൈവിധ്യ ന്യൂനതകൾ. | |
| • പരിസരങ്ങളിൽ പരിശീലനം. | |
| **ദിനകൃത്യങ്ങൾ.** | |
| പ്രഭാതകൃത്യങ്ങൾ നിർവഹിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ. | ജൂൺ - മാർച്ച് |
| **ശുചിത്വം** | |
| ഉത്തരവാദിത്വത്തിൽ ശീലങ്ങൾ [illegible] | |
| ശുചിത്വം ഉറപ്പാക്കൽ. | |
| **പരിസര നടത്തം:** | |
| - മലിനീകരണം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ ക്രമീകരണം. | ജൂൺ - ഡിസംബർ. |
| - ശാസ്ത്രജ്ഞന്മാർ വളർത്തുന്ന ഉദ്യാനങ്ങളിൽ സന്ദർശനം | ജനുവരി - മാർച്ച് |

Scanned with CamScanner

ക്ലാസ് - IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | അവതരണ |
|---|---|---|---|---|
| • ആസ്വാദപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ • വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ. • സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ. • വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ. | വായനപുസ്തകം ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, ആവശ്യമായ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കൽ. | മെയ് 2025 | എസ്. ആർ. ജി | |
| | കാഴ്ച പരിമിതിയുള്ള കുട്ടിക്ക് കൂടി സഹായകമായ ശ്രവണ പാഠം തയ്യാറാക്കൽ | മെയ് 2025 | എസ്. ആർ. ജി | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | പി. ടി. എ / സ്പോൺസറിങ് | പ്രവേശനോത്സവ |
| | ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ ആദ്യവാരം | ക്ലാസ് പി. ടി. എ | |
| | കുട്ടികളുടെ പുസ്തക മേള സംഘടിപ്പിക്കൽ | ജൂൺ 19 | സ്കൂൾ പി. ടി. എ, എസ്. എം. സി, പൂർവ്വവിദ്യാർത്ഥി സംഘടന... | |
| | അമ്മമാരുടെ വായന, രചനാശില്പശാല | ജൂലായ് | എസ്. ആർ. ജി, പ്രാദേശിക വിദഗ്ധർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| • എല്ലാ കുട്ടികളുടെയും വീടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | ആദ്യ പൊതു അവതരണം, വായനാക്കുറിപ്പുകൾ വായിക്കൽ, പ്രദർശനം. | ആഗസ്റ്റ് / സെപ്റ്റംബർ | | ക്ലാസ് പി.ടി.എ |
| | | ജനുവരി | | ക്ലാസ് പഠനോത്സവം. |
| | എല്ലാകുട്ടികളുടെയും രചനാപരിചയക്കുറിപ്പുകളുടെ പ്രകാശനം. | 2026 മാർച്ച് 20/21 | | ലോക കഥാദിനം/ കവിതാദിനം. |

Scanned with CamScanner

# ACADEMIC MASTER PLAN

## CLASS 4
## English
### TOPIC – ACADEMIC
[BASED ON UNIT 1&2]

Sub topic - English

Objectives

- To encourage active listening and speaking skills.
- To develop an English atmosphere that the children are engaging.
- To expand vocabulary for improved communication & comprehension.
- Ensure fluency in reading and writing.
- To equip students with effective written communication skills.
- To establish a solid understanding of language elements.
- To develop a love for reading and literature.
- To develop children's own stories and drafting books.
- To apply the language in day today life.

Scanned with CamScanner

| No: | Name | Description | Period |
|---|---|---|---|
| 1. | English challenge | We can - creates an English atmosphere. Speak simple English sentences frequently. Uses simple questions and lead to jokes. Prepare some story cards and short videos of it's reading. Share them in WhatsApp group. Celebrate a day in a week as English day.<br>Paste some English words on walls, doors, shelf, benches, desks, tables, etc.<br>Makes use of some action songs and games also. | June to March |
| 2. | English assembly | Listening - Teacher talk<br>Speaking - Prayer, pledge, news, riddles, diary, quotes of eminent leaders, reader's theatre etc. | June to March. |
| 3. | Speech bubbles | Give chances for filling speech bubbles. Eg: Isaac and Dilna<br>Gives more chances in the next coming units also. | From June 2nd week onwards |
| 4. | MEW | New words are introducing through pictures and appropriate sentences in different context to get it's meaning. Students have to keep them in notebooks as 'My English World'. | June to March. |
| 5. | Replace and rejoice | Tells simple English stories with proper actions and voice modulations. Gives more stories having great value like brave, unity, kindness, honestly etc... for reading. | Once in a week. |
| 6. | Picture diary | Experience sharing and writing diary with suitable pictures. | From the end of June to March. |

Scanned with CamScanner

| Sl no: | Name | Description | Period |
| --- | --- | --- | --- |
| 7. | Hai English [English club] | Various club activities. Eg:- Reader's theatre | July to February. |
| 8. | My notice | Exhibits model notices. Leads to discussion and prepare school notices about major activities. | June last week. |
| 9. | Digi task | Teacher and students are calling each other through mobile phone. Shares feelings, thoughts and events in English. | Frequently |
| 10. | Picture dictionary [World of words] | At the end of each units collect words, reorder them and create a picture dictionary. | At the end of each unit. |
| 11. | Creative space | Provide students with a set of story-related pictures. They should sequence the events and develop a meaningful story based on them. | Sargavela Periods. |
| 12. | Description | Gives different pictures to prepare a description. (Describing words are introducing occasionally). | July. |
| 13. | Riddles, riddles... | Teacher asks some riddles, eliciting peculiarities of a riddle and gives 'riddles making' as a group work. | July. |

Scanned with CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ഗണിതം
ക്ലാസ്സ് - IV

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഗണിതത്തിൽ സമഗ്രവും അന്വേഷണാത്മകവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ :-

- കുട്ടികൾക്ക് കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

| പ്രവർത്തനം | ലക്ഷ്യം | സമയപരിധി | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ അനുസൃതമായി ചെയ്യൽ- നടപ്പാക്കൽ.<br>• മൂല്യനിർണയം (ഏണിയും പാമ്പും, സമസ് കളി, സങ്കലനം - വ്യവകലനം, കച്ചവടക്കളി) | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | എസ്. ആർ. ജി, ക്ലാസ് ടീച്ചർ. | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം... ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷി വികാസം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | പി.ടി.എ. |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ. ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | എച്ച്.എം., എസ്.ആർ.ജി, ക്ലാസ് ടീച്ചർ. | പി.ടി.എ. |
| ഗണിതചാർട്ട്. ഗണിതചാർട്ട് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പി.ടി.എ. |
| ഗണിത പഠനോപകരണ ശില്പശാല പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | എസ്.ആർ.ജി, ക്ലാസ് ടീച്ചർ | പി.ടി.എ |
| ഗണിതമേള: പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | എസ്.ആർ.ജി, ക്ലാസ് ടീച്ചർ | പി.ടി.എ. |

Scanned with CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ – പരിസരപഠനം – ക്ലാസ്സ് – IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം. പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | നിരീക്ഷണം- അറിവ് നിർമ്മാണം | ആവശ്യാനുസരണം | എച്ച്.എം., സി.പി.ടി.എ | പി.ടി.എ |
| ശാസ്ത്രമൂല ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | എച്ച്.എം., എസ്.ആർ.ജി., ക്ലാസ് ടീച്ചർ | പി.ടി.എ, എസ്.എസ്.എ. |
| ശാസ്ത്രയാത്ര വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | ആവശ്യാനുസരണം | എച്ച്.എം., എസ്.ആർ.ജി., സി.പി.ടി.എ., ക്ലാസ് ടീച്ചർ | പി.ടി.എ, രക്ഷിതാക്കൾ. |
| ഭൂപടമൊരുക്കാം. കേരളം - ഇന്ത്യ - ഭൂപട വായന | ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ, എസ്.ആർ.ജി. | പി.ടി.എ. |

Scanned with CamScanner

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം. | എസ്. ആർ. ജി, ക്ലാസ് ടീച്ചർ | പി. ടി. എ. |
| ശാസ്ത്രോത്സവം പഠന ഉൽപന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | എച്ച്. എം., എസ്. ആർ. ജി., ക്ലാസ് ടീച്ചർ | പി. ടി. എ |
| ശാസ്ത്രമാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമാണം. | അറിവുകളുടെ രചന | വർഷത്തിലൊന്ന് | എച്ച്. എം., എസ്. ആർ. ജി., ക്ലാസ് ടീച്ചർ | പി. ടി. എ. |

Scanned with CamScanner